**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 247** **26-06-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇന്ത്യൻ സമ്പദ് വ്യവസ്ഥ ഭാവി കാലത്ത് നേരിടാൻ പോകുന്ന ഏറ്റവും വലിയ വെല്ലുവിളി വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയാണെന്ന അന്താരാഷ്ട്ര വാർത്താ ഏജൻസി റോയിട്ടേഴ്സിന്റെ സർവേ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരളത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥി കളുടെ എണ്ണത്തിലെ വർദ്ധനവും അനുയോജ്യമായ തൊഴിൽ ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്.<br><br>തൊഴിൽ വകുപ്പിന് കീഴിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2024 മാർച്ച് 31 വരെ ആകെ 26,55,736 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു കളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്.<br>സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമം മൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വരെല്ലാവരും തൊഴിൽരഹിതർ ആകണമെന്നുമില്ല.<br><br>2023-2024 സാമ്പത്തിക വർഷം (2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെ) സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ **14,713** ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുവാൻ സാധിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (2021 ജൂൺ മുതൽ 2024 മാർച്ച് വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെട്ട |

| | | | |
|---|---|---|---|
| | | | ഒഴിവുകളിന്മേൽ **37,390** പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (ബി) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം ജോലി എന്നത് പ്രാവർത്തിക മാക്കുന്നതിനായി കർമ്മചാരി പദ്ധതി തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്കും, തൊഴിൽ രഹിതർക്കും അവരുടെ അഭിരുചിക്ക് അനുസരിച്ച് ഉന്നത വിദ്യാഭ്യാസം നേടുന്നതിനും, തൊഴിൽ നേടുന്നതിനും പ്രപ്തരാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് വകുപ്പ് മുഖേന കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി) പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്കും പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള തൊഴിൽദായകർക്കും പ്രയോജനകരമാകുന്ന വിധത്തിൽ എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ 3289 ജോബ് ഡ്രൈവുകൾ നടത്തുകയും ആയത് വഴി 53128 പേർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് മുഖേന സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് വിദ്യാഭ്യാസത്തിന്റെയും നൈപുണ്യത്തിന്റെയും അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഉദ്യോഗാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ തെരെഞ്ഞെടു ക്കുന്നതിനും തൊഴിൽപരമായ പുരോഗതി കൈവരിക്കുന്നതിനും ആവശ്യമായ തൊഴിൽ മാർഗ്ഗനിർദ്ദേശം നൽകി വരുന്നുണ്ട് .<br><br>കേന്ദ്ര/സംസ്ഥാന മേഖലകളിലെ സർക്കാർ ജോലി ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണം പദ്ധതി മുഖേന വിവിധ മത്സര പരീക്ഷാ പരിശീലന പരിപാടികൾ നടത്തി ഉദ്യോഗാർത്ഥികളെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കി വരുന്നുണ്ട് . |

സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് മേഖല/ജില്ലാടിസ്ഥാനത്തിൽ നിയുക്തി മെഗാ ജോബ് ഫെയറുകൾ നടത്തി വരുന്നുണ്ട്.

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന മോഡൽ കരിയർ സെന്റർ പദ്ധതിയുടെ ഭാഗമായി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുന്നതിന് നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുകയും ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ തൊഴിൽ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു.

സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ തൊഴിൽ വികസനം ലക്ഷ്യം വച്ച് സമന്വയ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. മേൽ ഉദ്യോഗാർത്ഥികളുടെ കരിയർ വികസനവുമായി ബന്ധപ്പെട്ട് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മികവാർന്ന പരിശീലനങ്ങളിലൂടെ വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും പദ്ധതി ഊന്നൽ നൽകുന്നു. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എസ്.സി, എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടിയുള്ള കോച്ചിങ് കം ഗൈഡൻസ് സെന്ററുകൾ മുഖേന പത്ത് മാസം നീണ്ടു നിൽക്കുന്ന സ്റ്റെനോഗ്രാഫി പരിശീലനം നൽകി വരുന്നുണ്ട്.

വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ പുതിയ ഐ.ടി.ഐ കളും പുതിയ ട്രേഡുകളും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസിന്റെ (KASE) ആഭിമുഖ്യത്തിൽ വിവിധ മേഖലകളിൽ ലളിതവും വേഗത്തിലും കാര്യക്ഷമവുമായി മികവിന്റെ കേന്ദ്രങ്ങളും, അക്രെഡിറ്റഡ് സ്ഥാപനങ്ങളും സ്ഥാപിക്കുന്നതിന് വേണ്ടി ISTEP (International Skill Training and Employability Programme) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചു. അന്താരാഷ്ട്ര സ്ഥാപനങ്ങളും വ്യാവസായിക കൂട്ടായ്മകളും വിദഗ്ധരുമായി ചേർന്ന് നൈപുണ്യ വികസനത്തിനും തൊഴിൽ സാധ്യതയ്ക്കുമായി ദീർഘകാലം നിലനിൽക്കുന്ന ബന്ധം സ്ഥാപിക്കുക എന്ന ലക്ഷ്യം മുന്നിൽകണ്ട് വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഈ മികവിന്റെ കേന്ദ്രങ്ങൾ

| | | | |
|---|---|---|---|
| | | | വഴി നാളിതുവരെ 5430 പേർക്ക് ജോലി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെയ്സിന്റെ ജില്ലാ നൈപുണ്യ വികസന കേന്ദ്രങ്ങൾ വഴി തൊഴിൽരഹിതരായ യുവാക്കൾക്ക് ഇംഗ്ലീഷ് ഭാഷാപരിജ്ഞാനവും, അഭിമുഖം നേരിടുന്നതിനും പരിശീലനം സൗജന്യമായി എസ് ജി ബി എസ് ഉന്നതി ഫൗണ്ടേഷൻ വഴി നൽകി വരുന്നു.<br><br>വിദേശ ആരോഗ്യ മേഖലയിൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരങ്ങൾ നേടിക്കൊടുക്കാൻ തൊഴിൽ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഒഡെപെകിന് കഴിഞ്ഞിട്ടുണ്ട്. ജർമ്മനി, ബെൽജിയം, യു.കെ തുടങ്ങിയ വിദേശരാജ്യങ്ങളിലേയ്ക്കാവശ്യമായ IELTS, OET, ജർമ്മൻ, ഡച്ച് തുടങ്ങിയ ഭാഷകൾ ഒഡെപെകിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഭാഷാ പരിശീലന കേന്ദ്രങ്ങളിൽ ഓൺലൈൻ/ഓഫ് ലൈൻ ക്ലാസ്സുകൾ വഴി നൽകി വരുന്നു.കൂടാതെ തുർക്കിയിലെ ഷിപ്പിയാർഡിലേക്ക് വെൽഡർ, ഫിറ്റർ, പൈപ്പ് ഫാബ്രിക്കേറ്റർ ഒഴിവുകളിലേയ്ക്കും, യു.എ.ഇ-ലെ വേൾഡ് സെക്യൂരിറ്റി ഗാർഡ്, ഐ.റ്റി.വി ഡ്രൈവർ, ഹെവി ബസ് ഡ്രൈവർ, ഇ.എൽ.വി ടെക്നീഷ്യൻ ഒഴിവുകളിലേയ്ക്കും, സൗദി അറേബ്യയിലേയ്ക്ക് ഹൗസ് ഡ്രൈവർ, വെയർഹൗസ് അസോസിയേറ്റ് ഒഴിവുകളിലേയ്ക്കും ഒഡെപെക് മുഖേന ചെറുപ്പക്കാർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്. |
| (സി) | തൊഴിൽ ലഭ്യതക്കുറവ് മൂലം രാജ്യത്തുണ്ടാകുന്ന സാമ്പത്തിക തകർച്ചയുടെ ആഘാതങ്ങൾ കാര്യക്ഷമമായി പ്രതിരോധിക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (സി) | തൊഴിൽ ലഭ്യതക്കുറവ് മൂലം ഉണ്ടാകുന്ന സാമ്പത്തിക തകർച്ചയുടെ ആഘാതങ്ങൾ കാര്യക്ഷമമായി പ്രതിരോധിക്കുവാനും വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിൽ മേഖലയിൽ പുരോഗതി കൈവരിക്കുന്നതിനും നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് കെസ്റ്റു, മൾട്ടി പർപ്പസ് സർവീസ് സെന്റേഴ്സ് / ജോബ് ക്ലബ്, ശരണ്യ, കൈവല്യ, നവജീവൻ എന്നീ അഞ്ച് സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>തൊഴിൽ ലഭ്യതക്കുറവ് മൂലം രാജ്യത്തിന്റെയും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തിന്റെയും സാമൂഹിക സാമ്പത്തിക വളർച്ച നിലനിർത്തുന്നതിന് ഉണ്ടായേക്കാവുന്ന പ്രതിസന്ധികൾ മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവാക്കളുടെ ലേബർ ഫോഴ്സ് പാർട്ടിസിപേഷൻ റേറ്റ് (LPR) വർദ്ധിക്കുന്നതിനായി വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലനം ലഭ്യമാക്കി ഇവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും അത് വഴി സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതി നിലനിർത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിന്റെ ഭാഗമായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE), എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് സ്കിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഡിസ്ട്രിക്ട് സ്കിൽ കമ്മിറ്റികൾ പ്രാദേശിക പരിഗണന നൽകിക്കൊണ്ട് ഡിസ്ട്രിക്ട് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കും. ആയത് സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് പ്ലാൻ തയ്യാറാക്കുകയും, ഈ പ്ലാനിൽ ഉൾപ്പെടുന്ന നൈപുണ്യ വികസന പ്രവർത്തനങ്ങൾക്ക് വിവിധ സർക്കാർ പദ്ധതികൾ വഴി സാമ്പത്തിക സഹായങ്ങൾ നൽകിവരുകയുമാണ്. ഈ നൈപുണ്യ വികസന പ്രവർത്തനങ്ങളിൽ 70% വരെ പ്ലേസ്മെന്റ് അസിസ്റ്റൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | നിർമ്മാണ മേഖലയിലും വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിൽ മേഖലയിലും രാജ്യത്തുണ്ടായിട്ടുള്ള തകർച്ച നേരിടുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ഡി) | നിർമ്മാണമേഖലയിലും വൈദഗ്ധ്യം ആവശ്യമില്ലാത്ത തൊഴിൽ മേഖലയിലും രാജ്യത്തുടനീളം തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്. ആയത് പരിഹരിക്കുന്നതിനായി വിവിധ പരമ്പരാഗത തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി 'പ്രതീക്ഷ' എന്നൊരു പ്രത്യേക നൈപുണ്യപദ്ധതി കെയ്സ് വഴി ആവിഷ്കരിച്ച് വിവിധ വകുപ്പുകളുടെ സഹായത്തോടെ നടപ്പിലാക്കിവരുന്നു.<br>ഇപ്രകാരം തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരെയും, പ്രവർത്തിച്ചിരുന്നവരെയും കണ്ടെത്തി നൂതന നൈപുണ്യ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി മേൽപ്പറഞ്ഞ തൊഴിൽ മേഖലയിൽ നിന്നുമുള്ള തൊഴിലാളികളെ കാലാനുസൃതമായ പരിശീലനം നൽകി വിവിധ മേഖലകളിൽ പുനർവിന്യസിപ്പിക്കുന്നതിനോ, അവരെ സ്കിൽ രജിസ്ട്രി എന്ന മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് സ്ഥിര വരുമാനം കണ്ടെത്താൻ പ്രാപ്തരാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. 2023ൽ ആരംഭിച്ച ഈ പദ്ധതി വഴി കൈത്തറി മേഖലയിൽ 60 വനിതകൾക്ക് സ്ഥിര വരുമാനം ലഭ്യമാകുന്ന തരത്തിലുള്ള നൈപുണ്യ പരിശീലനം നൽകിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ